തൂഫാൻ തദ്ദേശം
ലഹരിക്കെതിരെ ജനസേന

# ലഹരിവിരുദ്ധ പ്രതിജ്ഞ

ലഹരി നമ്മുടെ ആരോഗ്യത്തെയും
കുടുംബങ്ങളെയും സമൂഹത്തെയും
തകർക്കുന്ന വലിയ വിപത്താണെന്ന്
ഞാൻ തിരിച്ചറിയുന്നു.

എന്റെ നാടിന്റെ നന്മയും സുരക്ഷയും
എന്റെ ഉത്തരവാദിത്തമാണെന്ന്
ഞാൻ അംഗീകരിക്കുന്നു.

കുടുംബങ്ങളെയും യുവാക്കളെയും
സാമൂഹിക കൂട്ടായ്മകളെയും ചേർത്തുനിർത്തി,
ലഹരിക്കെതിരെ ജനകീയ ജാഗ്രത വളർത്തും.

തൂഫാൻ തദ്ദേശത്തിന്റെ ഭാഗമായി,
അപകടസാധ്യതകൾ തിരിച്ചറിഞ്ഞും
ആവശ്യമുള്ളവർക്ക് കൈത്താങ്ങേകിയും
ഉത്തരവാദിത്തത്തോടെ മുന്നിട്ടിറങ്ങും.

വരുംതലമുറയുടെ ഭാവിക്കായി
അവരുടെ സുരക്ഷയ്ക്ക് കാവലാകും.

കേരള പൊലീസിനൊപ്പം,
ഓപ്പറേഷൻ തൂഫാൻ : ദി നാർക്കോ ഹണ്ടിന്റെ
ലഹരിവിരുദ്ധ പോരാട്ടത്തിൽ
എന്റെ പങ്കാളിത്തം ഞാൻ ഏറ്റെടുക്കുന്നു.

ഒരു തൂഫാൻ വാറിയറായി,
നാടിന്റെയും മക്കളുടെയും കാവലാളായി
ഞാൻ ഇതിനാൽ

ദൃഢപ്രതിജ്ഞ ചെയ്യുന്നു.

ജയ് ഹിന്ദ്!